"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കാട്ടകുറ്റി ഗ്രാമപഞ്ചായത്ത് - അഷ്ടമിച്ചിറ വൈന്തല അന്നമനട പി.ഡബ്ല്യൂഡി. റോഡ് സർവ്വേ നടത്തുന്നതിനുള്ള തുക (പ്രോ.നം. 170/2021) തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നത് - അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**സ.ഉ.(സാധാ) നം.1989/2020/ത.സ്വ.ഭ.വ** തീയതി.തിരുവനന്തപുരം, 22/10/2020

---

പരാമർശം:- 1 കാട്ടകുറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.06.2020-ലെ അപേക്ഷ .

2 തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 1562020 ലെ കത്ത് .

3 20.08.2019-ലെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.07.2020. 17.09.2020 തീയതികളിലെ ഡിബി3/753/2013/സി.ഇ/ തസ്വഭവ നമ്പർ കത്തുകൾ.

4 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 23.09.2020 -ലെ ഇനം 2.3 (4.39) നമ്പർ തീരുമാനം.

**ഉത്തരവ്**

കാട്ടകുറ്റി ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന അഷ്ടമിച്ചിറ വൈന്തല അന്നമനട പി.ഡബ്ല്യൂഡി. റോഡിന്റെ പുനർ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് റോഡ് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് സർവ്വേ നടത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി സർവ്വേ നടത്തുന്നതിന് ഫണ്ട് ലഭ്യമല്ല എന്ന് ജില്ലാ സർവ്വേ സൂപ്രണ്ട് അറിയിച്ചതിനെത്തുടർ ന്ന് . കാട്ടകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി (പ്രോ.നം.252/2020) 12,00,000 /- രൂപ വകയിരുത്തിയിരിന്നു.ഇത് പഞ്ചായത്തിന്റെ ആസ്തിയിലോ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ആസ്തിയിലോ അല്ലാത്തതിനാൽ ഫണ്ട് ചിലവഴിക്കുന്നത് സർക്കാരിന്റെ അനുമതി ആവശ്യമാണെന്നും പ്രസ്തുത പ്രോജക്ട് 2020 -21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ടന്നും (പ്രോ.നം. 170/2021) ആയതിനാൽ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നല്കണമെന്നുള്ള കാട്ടകുറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 അപേക്ഷ തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം 2 പ്രകാരം ലഭ്യമാക്കുകയുണ്ടായി .

2) പ്രസ്തുത റോഡിന്റെ പല ഭാഗത്തും വീതി കുറവായതിനാൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് കാന നിർമ്മിക്കുന്നതിനും കയ്യേറ്റം ഒഴിവാക്കുന്നതിന് സർവ്വേ നടത്തുന്നതിനുമാണ് പ്രോജക്ട് വച്ചിരുന്നത് എന്നും റോഡ് പി.ഡബ്ല്യൂ.ഡി.യുടെ ആസ്തിയിൽ ഉൾപ്പെട്ടതിനാലും നിലവിലെ നിയമപ്രകാരം പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാൻ കഴിയാത്തതിനാലും ഇതിന്മേൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

3) സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (4 ) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ

തനത് ഫണ്ടായതിനാലും പൊതു ആവശ്യത്തിനു വേണ്ടി ആയതിനാലും അഷ്ടമിച്ചിറ വൈന്തല അന്നമനട പി.ഡബ്ല്യൂഡി. റോഡ് സർവ്വേ നടത്തുന്നതിനുള്ള തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കാട്ടുകറ്റി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SURESH KUMAR K
Date: 2020.10.2? 13:22:03 IST
Reason: Approved
സെക്ഷൻ ഓഫീസർ